"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് - കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ - ഗ്രാന്റ്-ഇൻ എയ്ഡ് - തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ(എൻ) വകുപ്പ്**

സ.ഉ.(സാധാ) നം.1774/2024/H&FWD തീയതി,തിരുവനന്തപുരം, 25-07-2024

---

പരാമർശം:-

1. 09/12/2008 തീയതിയിലെ സർക്കുലർ നം.84/2008/ധന.
2. 29/08/2009 തീയതിയിലെ സർക്കുലർ നം.75/2009/ധന.
3. 04/01/2021 തീയതിയിലെ സർക്കുലർ നം.01/2021/ധന.
4. 24.05.2024 ലെ സർക്കാർ ഉത്തരവ് നം. സ.ഉ(സാധാ.) 1252/2024/ആകുവ
5. കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ മാനേജിംഗ് ഡയറക്ടറുടെ 22.06.2024 ലെ KMSCL/FIN/11365/2023 നം. കത്ത്.

**ഉത്തരവ്**

സർക്കാർ ആശുപത്രികളിലും സ്ഥാപനങ്ങളിലും അവശ്യമരുന്നുകളുടെ വിതരണം തടസ്സമില്ലാതെ നടക്കുന്നതിനും നിലനിർത്തുന്നതിനുമായി, 2024-25 സാമ്പത്തികവർഷം, '2210-80-190-99-36-കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനുള്ള സഹായധനം - ശമ്പളേതരം (NP)' എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 356.4 കോടി രൂപയിൽ നിന്നും, രണ്ടാം ഗഡുവായി 100 കോടി രൂപ കൂടി അടിയന്തിരമായി അനുവദിക്കണമെന്ന് പരാമർശം (5) പ്രകാരം മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

2. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തികവർഷം '2210-80-190-99-36-കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനുള്ള സഹായധനം - ശമ്പളേതരം (NP)' എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 356.4 കോടി രൂപയിൽ നിന്നും, രണ്ടാം ഗഡുവായി 70 കോടി രൂപ, ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഫണ്ട് ബാങ്കുകളിലോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലോ പാർക്ക് ചെയ്യാൻ പാടുള്ളതല്ല.

2. ഫണ്ട് അനുവദിച്ചിരിക്കുന്ന നിശ്ചിത ആവശ്യത്തിനു മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.യാതൊരു കാരണവശാലും വക മാറ്റി ചെലവഴിക്കാൻ പാടില്ല.

3. ഇനം തിരിച്ചുള്ള ചെലവുകളുടെ സ്റ്റേറ്റ്മെന്റും നിശ്ചിത പ്രൊഫോമയിലുള്ള വിനിയോഗ സർട്ടിഫിക്കറ്റും അടുത്ത ഫണ്ട് റിലീസിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

4. പരാമർശം 1, 2, 3 സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU O
അണ്ടർ സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്, എ&ഇ), തിരുവനന്തപുരം
3. ധനകാര്യ(പി.യു.ബി.) വകുപ്പ് (19.07.2024 ലെ 2780879/PU-B1/53/2024-FIN പ്രകാരം)
4. വിവരപൊതുജന സമ്പർക്ക വകുപ്പ്.
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Nycy S
സെക്ഷൻ ഓഫീസർ
Date: 25-07-2024 15:18:10